(ബി) രാമപുരംവഴി ദേശീയപാത നേരെയാക്കിയെങ്കിൽ കൂടി രാമപുരം വഴിയുള്ള കൊല്ലം-ആലപ്പുഴ, ആലപ്പുഴ-കായംകുളം എന്നീ ദേശസാൽക്കരണ പദ്ധതികൾ ഇപ്പോഴും നിലവിലുണ്ട്. മേൽപ്പടി ദേശസാൽക്കരണ പദ്ധതി പ്രകാരം ഈ റൂട്ടിൽകൂടി ഒന്നിൽ കൂടുതൽ ഇന്റർമീഡിയറ്റ് പോയിന്റുകളെ ബന്ധിപ്പിച്ചു കൊണ്ട് സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റനുൽകുന്നത് നിയമവിരുദ്ധമാണ്. മേൽപ്പടി സൊസൈറ്റിയുടെ പ്രീമിയർ ജംഗ്ഷൻ-വിയപുരം റൂട്ട്, കൊല്ലം-ആലപ്പുഴ റൂട്ടിലെ ഓച്ചിറ, കായംകുളം എന്നീ ഇന്റർ മീഡിയറ്റ് പോയിന്റുകൾ തമ്മിൽ ബന്ധിക്കുന്നതാകയാലാണ് പുതുക്കി നൽകാത്തത്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി

95 (4255) ശ്രീ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജല ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) കൊല്ലം-കോട്ടപ്പുറം ജലപാത ഗതാഗത യോഗ്യമാക്കാനും നവീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ജലപാതകളുടെ നവീകരണത്തിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും സഹായം ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇത്തരം സഹായം ലഭിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ജല ഗതാഗത വകുപ്പ് സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ 25 വർഷത്തിനുമേൽ പഴക്കമുള്ളവ ഘട്ടം ഘട്ടമായി ഒരു വർഷത്തിനകം മാറ്റി പുതിയവ സർവ്വീസിനിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. തടി ബോട്ടുകൾക്കുപകരം സ്റ്റീൽ /ഫൈബർ ബോട്ടുകളും നിർമ്മിച്ച് സർവ്വീസിനിറക്കുവാനും നടപടി എടുത്തുവരുന്നു. ടി.എസ്. കനാലിന്റെ കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം ദേശീയ ജല പാതയായി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കോവളം മുതൽ വിഴിഞ്ഞം വരെയും മാഹി മുതൽ വളപ്പട്ടണം വരെയും വടകര-മാഹി കനാലിന്റെയും നിർമ്മാണ/വികസന പദ്ധതികളുടെ പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-ആലപ്പുഴ എന്നീ ജലപാതയുടെ വികസനം കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഒരു പൈലറ്റ് പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പാത ദേശീയ ജലപാതിയായി 1993-ൽ അംഗീകരിച്ചിട്ടുണ്ട്. ഈ ഭാഗത്തിന്റെ വികസന സംരക്ഷണ പണികൾ ഐ.ഡബ്ല്യു.എ.ഐ. നേരിട്ട് നടത്തിവരുന്നുണ്ട്.

(സി) ഉണ്ട് ദേശീയ ജലപാത-III-ന്റെ ഉപപാതകളായ ആലപ്പുഴ-ചങ്ങനാശ്ശേരി, ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം എന്നീ ജല പാതകൾക്കാണ് ലോക ബാങ്കിന്റെ സഹായം ലഭ്യമാകുന്നത്. ജലപാതകളുടെ ആഴം കൂട്ടുക, ബണ്ട് ബലപ്പെടുത്തുക, ജെട്ടികളുടേയും പാലങ്ങളുടേയും പുനരുദ്ധാരണ പണികൾ, കോട്ടയത്തും ചങ്ങനാശ്ശേരിയിലും ടെർമിനലുകൾ നിർമ്മിക്കുക എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പരശുറാം, നേത്രാവതി എക്സ്പ്രസ്സ് ട്രെയിനുകൾക്ക് പരവൂരിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി

96 (4256) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്തിനും തിരുവനന്തപുരത്തിനുമിടയിൽ ഏതെല്ലാം ട്രെയിനുകൾക്ക് പുതുതായി സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) പരശുറാം എക്സ്പ്രസ്സിന് പരവൂരിൽ സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് ബഹു കേന്ദ്ര റെയിൽവേ സഹമന്ത്രി ശ്രീ. എ. കെ. മൂർത്തി റെയിൽവേ ഡിവിഷിണൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയാമോ ;

(സി) നേത്രാവതി എക്സ്പ്രസ്സിന് പരവൂരിൽ സ്റ്റോപ്പ് അനുവദിക്കാൻ തീരുമാനം ഉണ്ടായതായിട്ട് അറിയുമോ ?

ഉത്തരം

(എ) വഞ്ചിനാട് എക്സ്പ്രസ്സിന് 1-7-2003 മുതൽ കടയ്ക്കാവൂർ, വർക്കല എന്നീ സ്റ്റേഷനുകളിലും 20-7-2003 മുതൽ ചിറയിൻകീഴ് സ്റ്റേഷനിലും സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതായി റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച നിർദ്ദേശം ഒന്നും ലഭിച്ചിട്ടില്ലെന്ന് തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർ അറിയിച്ചിട്ടുണ്ട്.

(സി) റെയിൽവേ ബോർഡിൽ നിന്നും ഇത് സംബന്ധിച്ച ഉത്തരവൊന്നും ലഭിച്ചിട്ടില്ലെന്ന് തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly